"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- ലോ കോളേജുകൾ - 2020-21 വർഷത്തെ എൽ.എൽ.എം പ്രവേശനം - മാർഗ്ഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1558/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 17/12/2020

---

പരാമർശം:- 1 ജി. ഒ (എം.എസ്) നം.201/2020/ഉ.വി.വ തീയതി 29.05.2020

2 പ്രവേശന പരീക്ഷാ കമ്മീഷണറുടെ 01.12.2020-ലെ റ്റി.എ2/810/എൽ.എൽ.എം - 2020/പ്ര.പ.ക നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 ലെ ഉത്തരവ് പ്രകാരം 2020-21 അധ്യയന വർഷത്തെ എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള, പ്രോസ്പെക്ടസ് അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രോസ്പെക്ടസ് വ്യവസ്ഥ അനുസരിച്ച് ഒന്നാം വർഷ എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശന നടപടികൾ 31.10.2020ന് അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പ്രവേശന പരീക്ഷകൾ മുൻപ് നിശ്ചയിച്ച തീയതികളിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ആകയാൽ 2020-21 ലെ അലോട്ട്മെന്റ് നടപടികൾ പൂർത്തിയാക്കാനുള്ള അവസാന തീയതി 31.12.2020 വരെ ദീർഘിപ്പിക്കണമെന്നും കൂടാതെ EWS സീറ്റുകൾ, ബാധകമാക്കേണ്ട ഫീസ് എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകണമെന്നും പ്രവേശന പരീക്ഷാ കമ്മീഷണർ പരാമർശം 2 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

2. മേൽ സാഹചര്യത്തിൽ 2020-21 അധ്യയന വർഷത്തെ എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശനം നടത്തുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) 2020-21 അധ്യയന വർഷത്തേയ്ക്കുള്ള എൽ.എൽ.എം പ്രവേശനത്തിനുള്ള അലോട്ട്മെന്റ് നടപടികൾ പൂർത്തിയാക്കുവാനുള്ള അവസാന തീയതി 31.12.2020 ആയി ദീർഘിപ്പിക്കുന്നു.

(2) 2019-20 അധ്യയന വർഷത്തിലെന്നപ്പോലെ 2020-21 അധ്യയന വർഷത്തിലും സർക്കാർ ലോ കോളേജുകളിൽ എൽ.എൽ.എം. പ്രവേശനത്തിന് EWS (Economically weaker section among General category) വിഭാഗത്തിന് 10% സംവരണം നൽകേണ്ടതാണ്.

(3) 2020-21 അദ്ധ്യയന വർഷത്തിൽ, എൽ.എൽ.എം കോഴ്സിന് കഴിഞ്ഞ അധ്യയന വർഷത്തെ അതേ ഫീസ് തന്നെ ബാധകമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയകുമാർ ആർ.

അഡീഷണൽ സെക്രട്ടറി

പകർപ്പ്

File No.HEDN-C1/79/2020-HEDN

പ്രവേശന പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, ഗവ. ലോ കോളേജ്, തിരുവനന്തപുരം/ എറണാകുളം/തൃശ്ശൂർ/ കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

www.highereducation.kerala.gov.in.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ